**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2945**

**10.05.2017-ൽ മറുപടിക്ക്**

## അക്കിക്കാവ് റോയൽ എഞ്ചിനിയറിംഗ് കോളേജ് വിദ്യാർത്ഥി ഷഹീന്റെ ദുരുഹമരണം

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) 2015 ആഗസ്റ്റ് മാസത്തിൽ കുന്നംകുളം അക്കിക്കാവ് റോയൽ എഞ്ചിനിയറിംഗ് കോളേജ് വിദ്യാർത്ഥിയായിരുന്ന കരിമ്പ സ്വദേശി ഷഹീൻ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടതിനെ കുറിച്ച് പോലീസ് നടത്തിയ അന്വേഷണം പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; സംഭവത്തിൽ ആരെയെല്ലാം പ്രതി ചേർത്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (എ) തൃശ്ശൂർ കുന്നംകുളം അക്കിക്കാവ് റോയൽ എഞ്ചിനിയറിംഗ് കോളേജിലെ ഷഹീൻ എന്ന വിദ്യാർത്ഥി കിണറ്റിൽ വീണ് മരണപ്പെട്ടത് സംബന്ധിച്ച് ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലെന്ന് മരണപ്പെട്ട ഷഹീന്റെ ബന്ധുക്കൾ പരാതി നൽകിയതിനെ തുടർന്ന് ടി കേസ്സിന്റെ അന്വേഷണം തൃശ്ശൂർ റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് അന്വേഷണം നടത്തി വരികയാണ്. കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. |
| (ബി) പൊലീസ് അതിക്രമത്തെതുടർന്നാണ് മരണമുണ്ടായത് എന്ന ഷഹീന്റെ ബന്ധുക്കളുടെയും സഹപാഠികളുടെയും ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) തൃശ്ശൂർ കുന്നംകുളം ,അക്കിക്കാവ് റോയൽ എഞ്ചിനീയറിംഗ് കോളേജിൽ 21/08/2015 തീയതി നടന്ന ഓണാഘോഷത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾ തമ്മിൽ സംഘർഷം ഉണ്ടായി എന്നും, തുടർന്നും സംഘർഷം ഉണ്ടാകുമെന്നും സ്റ്റേഷനിൽ വിവരം ലഭിച്ചതിനെ തുടർന്ന് പോലീസ് പാർട്ടി ടി സ്ഥലത്തെത്തി സംഘം ചേർന്ന് നിൽക്കുന്ന വിദ്യാർത്ഥികളെ സംഘർഷം ഇല്ലാതാക്കുന്നതിനുവേണ്ടി സ്ഥലത്തുനിന്നും നീക്കം ചെയ്യുക മാത്രമേ ചെയ്തിട്ടുള്ളൂ എന്നാണ് പ്രാഥമിക അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. |
| (സി) അതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പൊലീസ്. ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തരം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത നടപടികൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?<br>(ഡി) പ്രസ്തുത മരണത്തിലുള്ള കോളേജ് അധികാരികളുടെ പങ്ക് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (സി) & (ഡി) പോലീസ് ഉദ്യോഗസ്ഥർക്ക് വീഴ്ച പറ്റിയിട്ടില്ല എന്ന് പ്രാഥമിക അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആർക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. ടി കേസ്സിന്റെ എല്ലാ കാര്യങ്ങളുമായി ബന്ധപ്പെട്ട അന്വേഷണം തൃശ്ശൂർ റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഏറ്റെടുത്ത് അന്വേഷണം നടത്തി വരികയാണ്. |

**സെക്ഷൻ ഓഫീസർ**